**ക്ഷീരവികസന വകുപ്പ് ഡയറക്ടറുടെ  നടപടിക്രമം**

ഹാജർ:ശ്രീമതി. മിനി രവീന്ദ്രദാസ്

ക്ഷീരവികസന വകുപ്പ്- ഡയറക്ടറേറ്റ്-ജീവനക്കാര്യം-കേരള ഹൈക്കോടതിയിലെ ക്ഷീര വികസന വകുപ്പിന്റെ കേസുകൾ കൈകാര്യം ചെയ്യുന്നതിന് ലെയ്സൺ ഓഫീസറായി എറണാകുളം ജില്ലാ കാര്യാലയത്തിലെ  സീനിയർ സൂപ്രണ്ട്,  ശ്രീ. ജോബ്രി ആന്റണിയെ നിയോഗിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ക്ഷീരവികസന വകുപ്പ്

നം.DDDKER/105/2021-ES1 തിരുവനന്തപുരം,തീയതി:**14/05/2021**

പരാമർശം:- 1. എറണാകുളം ജില്ലാ കാര്യാലയത്തിലെ സീനിയർ സൂപ്രണ്ടും 2020 കലണ്ടർവർഷത്തിൽ വകുപ്പിന്റെ  ലെയ്സൺ ഓഫീസറുമായിരുന്ന ശ്രീ. ജോബ്രി ആന്റണിയുടെ 31.12.2020 ലെ കത്ത്.

**ഉത്തരവ്**

കേരള ഹൈക്കോടതിയിലുള്ള ക്ഷീര  വികസന വകുപ്പിന്റെ കേസുകളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട്, 2021 ജനുവരി 1 മുതൽ 2021 ഡിസംബർ  31 വരെയുള്ള ഒരു വർഷ കാലയളവിലേക്ക്, ക്ഷീര വികസന വകുപ്പിന്റെ ലെയ്സൺ ഓഫീസറായി എറണാകുളം ജില്ലാ കാര്യാലയത്തിലെ സീനിയർ സൂപ്രണ്ടായ ശ്രീ. ജോബ്രി ആന്റണിയെ 2021 ജനുവരി 1 മുതൽ പ്രാബല്യത്തിൽ നിയോഗിച്ച് ഉത്തരവാകുന്നു.

ജില്ലാ ഓഫീസിലെ സൂപ്പർവൈസറി  ജോലികൾ കണക്കിലെടുത്ത്   ശ്രീ ജോബ്രി ആന്റണിയെ സീനിയർ സൂപ്രണ്ടിന്റെ ചുമതലകളിൽ നിന്ന് പൂർണ്ണമായും ഒഴിവാക്കുവാൻ കഴിയില്ല എന്നും അറിയിക്കുന്നു . ലെയ്സൺ ഓഫീസർ ചുമതല നിർവഹിക്കുന്നതോടൊപ്പം ജില്ലാ കാര്യാലയത്തിലെ പ്രവർത്തനങ്ങൾക്ക് തടസ്സം വരാത്തവിധം സീനിയർ സൂപ്രണ്ടിന്റെ ചുമതലകളും നിർവഹിക്കേണ്ടതാണ്.

**ഡയറക്ടർ**

**MINI RAVINDRADAS, DIR DDD, O/O DIR DDD**

To: ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക്

പകർപ്പ്:- 1) അക്കൌണ്ടന്റ് ജനറൽ (ഏ ആന്റ് ഇ) കേരള, തിരുവനന്തപുരം.

2) ജോയിന്റ് ഡയറക്ടർ (ജനറൽ, പ്ളാനിംഗ്)

3) ഡെപ്യൂട്ടി ഡയറക്ടർമാർ (ജനറൽ, പ്ളാനിംഗ്, എക്സ്റ്റൻഷൻ)

4)ഡെപ്യൂട്ടി ഡയറക്ടർ  (ഐ.ടി. സെൽ)

5) അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ/ഫിനാൻസ് ഓഫീസർ

Signature Not Verified

6) സി.എ. ടു ഡയറക്ടർ

7) സീനിയർ സൂപ്രണ്ട് (ഇ, ഇഎസ്, ഐ.ഡബ്ള്യു സെക്ഷനുകൾ

8) സഞ്ചയം 9) ശേഖര സഞ്ചയം

Digitally signed by MINI RAVINDRADAS
Date: 2021.05.14 15:06:01 IST
Reason: Approved